**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഇരട്ട വീടുകളുടേയും ലക്ഷം വീടുകളുടേയും പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ശോചനീയാവസ്ഥയിലുള്ള ഇരട്ട വീടുകളുടേയും ലക്ഷം വീടുകളുടേയും പുനരുദ്ധാരണത്തിനുള്ള മാനദണ്ഡം വിശദമാക്കാമോ? | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിയ എം.എൻ. ലക്ഷം വീടുകളിൽ ശോചനീയാവസ്ഥയിലുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിന് ഭവന നിർമ്മാണ ബോർഡ് സ്പെഷ്യൽ ബംബർ ലോട്ടറി നടത്തി സമാഹരിച്ച തുകയും ഉപയോഗിച്ച് പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങുകയും ഗുണഭോക്താക്കളുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തി, ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുകയും അതിൻ പ്രകാരം ഗുണഭോക്താവ് നേരിട്ടോ ഏജൻസികൾ മുഖേനയോ 400 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിനും, നിർമ്മാണത്തിന്റെ പുരോഗതി പരിശോധിച്ച് 4 ഘട്ടങ്ങളിലായി 4 ലക്ഷം രൂപ അനുവദിക്കുകയും ചെയ്യുന്നതാണ് പദ്ധതി. ഈ പദ്ധതി പ്രകാരം ലഭ്യമായ മുഴുവൻ തുകയ്ക്കും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും പ്രവർത്തി നിർവ്വഹണം പുരോഗമിച്ച് വരികയുമാണ്.<br><br>എന്നാൽ ഇനിയും നിരവധി ഇരട്ട വീടുകൾ ഒറ്റ വീടുകളായി മാറ്റേണ്ടതുണ്ട്. ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബജറ്റ് പ്രസംഗത്തിൽ 5 കോടി രൂപ ഇക്കാര്യത്തിനായി മാറ്റി വെയ്ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ച് ലഭിക്കുന്നത് അനുസരിച്ചും, സാധ്യമായ ധനാഗമ മാർഗ്ഗങ്ങൾ ആശ്രയിച്ചും മുഴുവൻ ഇരട്ട വീടുകളും ഒറ്റ വീടുകളാക്കി മാറ്റി തീർക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാലഘട്ടത്തിനനുസൃതമായ വിധത്തിൽ നവനിർമ്മാണ രീതികൾ കൂടി പ്രാധാന്യം നൽകികൊണ്ട് ഉചിതമായ മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | നിർണ്ണയിച്ച് പദ്ധതി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ